"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - കൊച്ചി കോർപറേഷനിൽ സാനിറ്റേഷൻ വർക്കർ മരണപ്പെട്ട ജയലക്ഷ്മി രംഗസ്വാമിയുടെ മകൻ ശ്രീ.ഗണേഷ്.ആർ-സാനിറ്റേഷൻ വർക്കർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(കൈ) നം.136/2024/LSGD തീയതി,തിരുവനന്തപുരം, 18-10-2024

---

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
2. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്
3. ശ്രീ.ഗണേഷ്.ആർ സമർപ്പിച്ച 09.12.2022 തീയതിയിലെ ആശ്രിത നിയമന അപേക്ഷ.
4. പ്രിൻ സിപ്പൽ ഡയറക്ടറുടെ 27.06.2023 തീയതിയിലെ LSGD/PD/42182/2023-DEF1 നമ്പർ കത്ത്.
5. എറണാകുളം ജില്ലാ കളക്ടറുടെ 09.04.2024 തീയതിയിലെ ഇ5-675110/2023 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 03.07.2022 തീയതിയിൽ മരണപ്പെട്ട ജയലക്ഷ്മി രംഗസ്വാമിയുടെ മകൻ ശ്രീ.ഗണേഷ്.ആർ (26/1294, രാമേശ്വരം ഹൗസിംഗ് കോളനി, നസ്റത്ത്, കൊച്ചി -682001) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ജയലക്ഷ്മി രംഗസ്വാമിയുടെ സേവനകാലം 35 വർഷവും 10 മാസവും 2 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതയുടെ ജനന തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 01.06.1963, 01.09.1986 ആണ്. പ്രിൻസിപ്പൽ ഡയറക്ടറും എറണാകുളം ജില്ലാ കളക്ടറും അപേക്ഷകന് ജോലി നൽകുന്നതിന് പരാമർശം (4), (5) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീ.ഗണേഷ് ആർ 8-ാം ക്ലാസ്സ് വിജയിച്ചിട്ടുള്ളതും ടിയാന്റെ ജനന തിയതി 23.04.1981 എന്നതുമാണ്. ടിയാൻ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത

സമയപരിധിയ്ക്കുള്ളിൽ (09.12.2022) സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി ജയലക്ഷ്മി രംഗസ്വാമിയുടെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. പരേതയുടെ ആശ്രിതൻ എന്ന നിലയിൽ ശ്രീ.ഗണേഷ്.ആർ-ന് ജോലി നൽകുന്നതിൽ എതിർപ്പില്ലായെന്ന് പരേതയുടെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നൽകിയിട്ടുണ്ട്. ടിയാന്റെ കുടുംബ വാർഷിക വരുമാനം ₹60000/- ആണെന്ന് (അറുപതിനായിരം രൂപ മാത്രം) രാമേശ്വരം വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാൻ വിവാഹിതനാണ്. വിവാഹശേഷവും ടിയാൻ പരേതയുടെ ആശ്രിതനായിരുന്നുവെന്നുള്ള സർട്ടിഫിക്കറ്റ് കൊച്ചി തഹസിൽദാരിൽ നിന്നും ഹാജരാക്കിയിട്ടുണ്ട്. കൂടാതെ പരാമർശം 2 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാൻ സമർപ്പിച്ചിട്ടുണ്ട്. ശ്രീ.ഗണേഷ്.ആർ എറണാകുളം ജില്ലയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൻ ടി തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുമുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു കൊച്ചി കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 03.07.2022 തീയതിയിൽ മരണപ്പെട്ട ജയലക്ഷ്മി രംഗസ്വാമിയുടെ മകൻ ശ്രീ.ഗണേഷ്.ആർ-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എറണാകുളം ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%-ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/പ്രിൻസിപ്പൽ ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം.

സെക്രട്ടറി, കൊച്ചി കോർപ്പറേഷന്

ജില്ലാ കളക്ടർ , എറണാകുളം.

ശ്രീ.ഗണേഷ്.ആർ, 26/1294, രാമേശ്വരം ഹൗസിംഗ് കോളനി, നസ്റത്ത്, കൊച്ചി -682001

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇയു1/137/2023-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 18-10-2024 17:00:36

സെക്ഷൻ ഓഫീസർ